## പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 796

30.06.2011- ൽ മറുപടിയ്ക്ക്

### മേൽനോട്ട സമിതിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ | | ശ്രീ. പി.കെ.അബ്ദുറബ്ബ് (ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) | |
| (എ) | സ്വാശ്രയ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിയോഗിച്ച ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റിയുടെ പ്രവർത്തനം വിജയകരമാണോ; | (എ) | സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിൽ സാമൂഹിക നീതിയും മെറിറ്റും ഉറപ്പാക്കുന്നതിനായി നിയോഗിച്ച ജസ്റ്റീസ് മുഹമ്മദ് കമ്മിറ്റിയുടെ ഇടപെടൽ ഒരു പരിധിവരെ വിജയം കണ്ടിട്ടുണ്ട്. |
| (ബി) | അല്ലെങ്കിൽ സ്വാശ്രയ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി മേൽനോട്ട സമിതി പുന:സംഘടിപ്പിക്കുമോ; | (ബി) | ബാധകമല്ല. |
| (സി) | സ്വാശ്രയ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി മേൽനോട്ട സമിതി എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ? | (സി) | 2006-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (കാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും ചൂഷണ രഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പു വരുത്തുന്നതിനുമുള്ള മറ്റു നടപടികളും) ആക്റ്റിന്റെ (2006 -ലെ 19-ാം ആക്റ്റ്) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള പ്രവേശന മേൽനോട്ട സമിതിയ്ക്ക് പ്രവേശന നടപടികളിൽ ഇടപെടാനുള്ള അധികാരം നൽകിയിട്ടുണ്ട്. |

.................. മറുപുറം

പ്രസ്തുത 4-ാം വകുപ്പിലെ (7),(8) ഉപവകുപ്പുകൾ പ്രകാരം മേൽനോട്ട സമിതിക്കു നൽകിയ അധികാരം കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുന്നതിനായി 4-ാം വകുപ്പ് ഭേദഗതി ചെയ്യണമെന്ന നിർദ്ദേശം മേൽനോട്ട സമിതി സർക്കാരിന് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ 4-ാം വകുപ്പിന്മേൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ തുടർന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**